# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5104 30.06.2014-ൽ മറുപടിയ്ക്ക്

### ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണം

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ. ടി. ജലീൽ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട് ; കസ്റ്റഡിയിൽ നിന്നും വിട്ടയച്ച ശേഷം മരണപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ഒരു കസ്റ്റഡി മരണം ഉണ്ടായിട്ടുണ്ട് ; കസ്റ്റഡിയിൽ നിന്നും വിട്ടയച്ചതിനുശേഷം മരണപ്പെട്ട ഒരു സംഭവവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രൈം നമ്പർ 110/14 പ്രകാരം കസ്റ്റഡിയിലെടുത്ത മോഹനൻ കസ്റ്റഡിയിൽ നിന്ന് വിട്ടയച്ചതിനു ശേഷം ആശുപത്രിയിൽ മരണപ്പെട്ടിട്ടുണ്ട്. |
| ബി) സംസ്ഥാന പോലീസ് പരാതി പരിഹാര സമിതിയംഗം റിട്ട. ജില്ലാ ജഡ്ജി പി. മുരളീധരൻ ചങ്ങരംകുളം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം കാര്യങ്ങൾ അന്വേഷിക്കണമെന്നാണ് ശുപാർശ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ഹനീഷ കസ്റ്റഡിയിൽ മരണമടഞ്ഞത് സംബന്ധിച്ചും കസ്റ്റഡിയിൽ നിന്നും വിട്ടയച്ച മോഹനൻ മരണപ്പെട്ടത് സംബന്ധിച്ച കേസുകൾ CBCID പോലുള്ള പ്രത്യേക അന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും കൂടാതെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയോ സ്ഥലം മാറ്റുകയോ ചെയ്യണമെന്നും ശുപാർശ ചെയ്യുകയുണ്ടായി. |
| സി) ഇക്കാര്യങ്ങളെല്ലാം അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (സി) ഹനീഷയുടെ കസ്റ്റഡി മരണം മലപ്പുറം CBCID OCW – III ഡി.വൈ.എസ്.പി അന്വേഷിച്ചു വരുന്നു. കസ്റ്റഡിയിൽ നിന്ന് വിട്ടയച്ചതിന് ശേഷം മോഹനൻ മരണപ്പെട്ടതിനെ കുറിച്ച് മലപ്പുറം നർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി അന്വേഷിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ